OSM - To be uploaded in Website & inform all concerned

14/9/12

69246

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടും:ബ ക്ഷേമ വകുപ്പ് - ജീവനക്കാര്യം ആരോഗ്യ വകുപ്പിലെ പാരാമെഡിക്കൽ വിഭാഗം ജീവനക്കാരുടെ കോമ്പൻസേഷൻ അവധി ദിവസങ്ങളുടെ എണ്ണം വർധിപ്പിക്കുന്നതു സംബന്ധിച്ച് - 13/12/2011 - ലെ റിട്ട് പെറ്റീഷൻ നമ്പർ. 33191/11 - ലെ ഹൈക്കോടതി വിധി നടപ്പാക്കി ഉത്തരവു പുറപ്പെടുവിക്കുന്നു

---

ആരോഗ്യ കുടു:ബ ക്ഷേമ (എച്ച്) വകുപ്പ്

സ.ഉ. നം.2930/2012/ആ.കു.വ തീയതി, തിരുവനന്തപുരം,07/09/2012.

പരാമർശം:-
1. ജി. ഒ(എം.എസ്സ്) നമ്പർ 303/1982/ആ.കു.വ തീയതി: 15/12/1982.
2. ജി. ഒ(എം.എസ്സ്) നമ്പർ. 593/2008/ആ.കു.വ തീയതി: 09/12/2008.
3. ജി.ഒ(ആർ.റ്റി) നമ്പർ 3484/2010/ആ.കു.വ തീയതി 06/09/2010.
4. കേരള ഗവൺമെന്റ് ഫാർമസിസ്റ്റ് അസോസിയേഷൻ 27/09/2010 ൽ സമർപ്പിച്ച നിവേദനം.
5. 13/12/2011 ലെ WP(C)No. 33191/11 മേലുള്ള ബഹു. ഹൈക്കോടതി ഉത്തരവ്.
6. ആരോഗ്യ വകുപ്പു ഡയറക്ടറുടെ 04/09/12 ലെ ഒ&എം.3 - 93554/10/ആവഡ നമ്പർ കത്ത്.

*********

## ഉത്തരവ്

പരാമർശം ഒന്നു സർക്കാർ ഉത്തരവു പ്രകാരം അവധി ദിവസങ്ങളിൽ ജോലി ചെയ്യേണ്ടി വരുന്ന ആശുപത്രി ജീവനക്കാർക്ക് ഒരു വർഷത്തിൽ പരാമവധി 22 ദിവസം എന്ന കണക്കിൽ കോമ്പൻസേഷൻ അവധി അനുവദിച്ചിട്ടുണ്ട്. പരാമർശം രണ്ടിലെ സർക്കാർ ഉത്തരവ് പ്രകാരം അവധി ദിവസങ്ങളിൽ ജോലി ചെയ്യേണ്ടി വരുന്ന നഴ്സിംഗ് ജീവനക്കാർക്ക് അതിന് അനുപാതികമായി കോമ്പൻസേഷൻ അവധി അനുവദിച്ചിരുന്നു. പരാമർശം മൂന്ന് സർക്കാർ ഉത്തരവു പ്രകാരം ഹോസ്പിറ്റൽ അറ്റന്റർമാർ, നേഴ്സിംഗ് അസിസ്റ്റന്റുമാർ, വർക്കർമാർ എന്നിവർക്ക് കോമ്പൻസേഷൻ അവധി പ്രതിവർഷം 22 ദിവസത്തിൽ നിന്നും 45 ദിവസമായി വർധിപ്പിച്ചിട്ടുണ്ട്.

പരാമർശം രണ്ട് ഉത്തരവു പ്രകാരം നഴ്സിംഗ് ജീവനക്കാർക്ക് അനുവദിച്ചു നൽകിയ കോമ്പൻസേഷൻ അവധി ആനുകൂല്യം അവധി ദിവസം ജോലി ചെയ്യാൻ നിർബ്ബന്ധിതരാകുന്ന ഫാർമസിസ്റ്റുമാർക്കും അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം നാല് പ്രകാരം കേരള ഗവ: ഫാർമസിസ്റ്റ് അസോസിയേഷൻ നിവേദനം സമർപ്പിച്ചിരുന്നു. ഒപ്പം ബഹു; ഹൈക്കോടതി മുമ്പാകെ ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് 33191/11 നമ്പരായി റിട്ട് പെറ്റീഷനും ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത റിട്ട് പെറ്റീഷനിന്മേലുള്ള ബഹു: ഹൈക്കോടതിയുടെ 13/12/2011 ലെ ഉത്തരവിൽ 27/09/2010 ൽ ഫാർസിസ്റ്റ് അസോസിയേഷൻ സമർപ്പിച്ച നിവേദനം നിയമാനുസൃതം പരിശോധിച്ച് തീർപ്പാക്കുവാൻ ഉത്തരവാകുകയുണ്ടായി.

ഇതേ ആനുകൂല്യം മുഴുവൻ പാരാമെഡിക്കൽ ജീവനക്കാർക്കും അനുവദിക്കണമെന്നാവശ്യപ്പെട്ട് വെവ്വേറെ നിവേദനങ്ങൾ സമർപ്പിച്ചിരുന്നു.

പരാമർശം 6 പ്രകാരമുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിൽ ഇപ്പോൾ 22 ദിവസം കോമ്പൻസേഷൻ അവധി അനുവദിച്ചിട്ടുള്ള ഫാർമസിസ്റ്റ്, റേഡിയോ ഗ്രാഫർ, ലാബ് ടെക്നീഷ്യൻ തുടങ്ങിയ പാരാമെഡിക്കൽ ജീവനക്കാർക്ക് കോമ്പൻസേഷൻ അവധി 45 ദിവസമായി വർധിപ്പിച്ചു നൽകിയാൽ മേൽ വിഭാഗങ്ങളിൽ ഓരോ തസ്തികകൾ മാത്രം അനുവദിച്ചിട്ടുള്ള പി.എച്ച്.സി, സി.എച്ച്.സി തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോമ്പൻസേഷൻ അവധി 22 ൽ നിന്ന് 45 ആക്കി വർദ്ധിപ്പിച്ചു നൽകിയാൽ ആശുപത്രികളുടെ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ ഫാർമസിസ്റ്റ്, റേഡിയോ ഗ്രാഫർ, ലാബ് ടെക്നീഷ്യൻ തുടങ്ങിയ പാരാമെഡിക്കൽ ജീവനക്കാർക്ക് കോമ്പൻസേഷൻ അവധി നിലവിലുള്ള 22 ദിവസത്തിൽ നിന്നും 45 ദിവസമായി വർധിപ്പിച്ചു നൽകണമെന്ന കേരള ഗവ: ഫാർമസിസ്റ്റ് അസോസിയേഷന്റെയും മറ്റു സംഘടനകളുടേയും ആവശ്യം അംഗീകരിക്കാൻ കഴിയുന്നതല്ല. ആയതിനാൽ നിരസിച്ച് ഉത്തരവാകുന്നു.

സൂചന ഒന്നു പ്രകാരമുള്ള ബഹു. ഹൈക്കോടതിയുടെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് ഷെരീഫ്. കെ
ഡെപ്യൂട്ടി സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി.

To

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
അഡ്വ. ജനറൽ, എറണാകുളം. (ആമുഖ കത്തു സഹിതം),
ജനറൽ സെക്രട്ടറി, കേരളാ ഗവ:ഫാർമസിസ്റ്റ് അസോസിയേഷൻ,
ഡിസ്ട്രിക്ട് റ്റി. ബി. സെന്റർ, കരുവേൽപ്പടി, കൊച്ചി - 5.
പ്രസിഡന്റ്, കേരള ഗവ: റേഡിയോ ഗ്രാഫേഴ്സ് അസോസിയേഷൻ,
ശ്രീദർശൻ, റ്റി.സി 27/1305, കോൺവെന്റ് റോഡ്, വഞ്ചിയൂർ,
തിരുവനന്തപുരം.
പ്രസിഡന്റ്, കേരള എൻ.ജി.ഒ.അസോസിയേഷൻ, സ്റ്റേറ്റ് കമ്മിറ്റി, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം.
ശ്രീ. ജോയി. പി.ഡി, പറമ്പിക്കാടൻ ഹൗസ്, മുണ്ടുപറമ്പ. പി.ഒ, മലപ്പുറം,
സ്റ്റോക്ക് ഫയൽ/ ഓസി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ